# കണ്ടയ്ൻമെന്റ് സോണുകളിൽ പരിശോധന നടത്തി




ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിലുള്ള നിയന്ത്രണങ്ങളാണ് റൂറൽ ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്ക് പറഞ്ഞു. കോവിഡിന്റെ പശ്ചാത്തലത്തിലുള്ള നിർദ്ദേശങ്ങളും, നിയമങ്ങളും എല്ലാവരും പാലിക്കുകയാണെങ്കിൽ നിയന്ത്രണങ്ങളിൽ പെട്ടെന്ന് ഇളവുകൾ വരുത്താൻ കഴിയും. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ റൂറൽ ജില്ലയിലെ കണ്ടയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ പരിശോധന നടത്തി പൊതു ജനങ്ങൾക്ക് എസ്.പി നിർദ്ദേശങ്ങൾ നൽകി. എടത്തല, വെങ്ങോല പഞ്ചായത്തുകളിലും പെരുമ്പാവൂർ പട്ടണത്തിലും പരിശോധനകൾ നടത്തി. കണ്ടെയ്ൻമെൻറ് സോണിൽ അഞ്ചിൽ അധികം ആളുകൾ കൂടുന്നത് ഒരുകാരണവശാലും അനുവദിക്കില്ലെന്ന് എസ.പി പറഞ്ഞു. വ്യാപാര സ്ഥാപനങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ടയിൻമെന്റ് / മൈക്രോ കണ്ടയിൻമെന്റ് സോണുകളിലേക്കുള്ള പ്രവേശനം കർശനമായി നിയന്ത്രിക്കും. പൊതുസ്ഥലങ്ങളിൽ അഞ്ചിൽ കൂടുതൽ ആളുകൾ കൂട്ടംകൂടി നിൽക്കാൻ പാടില്ല. ഭക്ഷണശാലകളിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നത് നിരോധിച്ചു. രാത്രി 9 മണി വരെ ഭക്ഷണം പാഴ്സലായി നൽകാവുന്നതാണ്. ടൂറിസവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കണ്ടയിൻമെന്റ് സോണുകളിൽ നിരോധിച്ചു.

ആരാധനാലയങ്ങളിൽ മതപരമായ ചടങ്ങുകൾ പൊതുജനങ്ങൾ കൂട്ടം കൂടാത്ത രീതിയിൽ നടത്താവുന്നതാണ്. പള്ളികളിൽ റംസാൻ നോമ്പ് തുറ യുമായി ബന്ധപ്പെട്ട് പ്രാർത്ഥന നടത്തുന്നതിന് തടസ്സമില്ലാത്തതും എന്നാൽ സമൂഹ നോമ്പ്തുറ അനുവദനീയമല്ലാത്തതുമാണ്. ആവശ്യ വസ്തുക്കൾവിൽപ്പന നടത്തുന്ന കടകൾക്ക് (റേഷൻ, മെഡിക്കൽ, പ്രൊവിഷൻ മുതലായവ) തുറന്നു പ്രവർത്തിക്കുന്നതാണ്. വിവാഹ ആവശ്യങ്ങൾക്ക് കുടുംബാംഗങ്ങൾ ഉൾപ്പെടെ ഇരുപതും മരണാനന്തര ചടങ്ങുകൾക്ക് കുടുംബാംഗങ്ങൾ ഉൾപ്പെടെ പത്ത് പേര് മാത്രമേ പങ്കെടുക്കാവു. പ്രധാനപ്പെട്ട മാർക്കറ്റുകൾ / വ്യാപാര സ്ഥാപനങ്ങൾ എന്നിവ വൈകിട്ട് 7. 30 മണിവരെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. കണ്ടയ്ൻമെന്റ് സോണിൽ നിന്ന് ജോലി ആവശ്യമായി പുറത്തേക്കോ അകത്തേക്കോ പ്രവേശിക്കുന്നവർ ഐഡി കാർഡോ, തൊഴിലുടമ നൽകുന്ന ഓഥറൈസേഷൻ പേപ്പറോ കരുതണം.